**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1333 — 04-02-2019 -ൽ മറുപടിക്ക്

## ഫ്ലഡ് സ്കീമിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്ന റോഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഫ്ലഡ് സ്കീമിൽ ഉൾപ്പെടുത്തി റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | എ) & ബി) | കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ചുള്ള 20/05/2015-ലെ സ.ഉ(കൈ)നം.194/2015/ഡി.എം.ഡി ഉത്തരവ് പ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തിര സ്വഭാവമുള്ള ഗതാഗത പുന:സ്ഥാപനത്തിനു വേണ്ടി മാത്രമേ ദുരന്ത പ്രതികരണ നിധി വിനിയോഗിക്കാൻ വ്യവസ്ഥയുള്ളൂ. പ്രസ്തുത മാനദണ്ഡ പ്രകാരം പ്രകൃതി ദുരന്തത്തിൽ നാശം സംഭവിക്കുന്ന ഗ്രാമീണ റോഡുകളുടെ (Rural Roads) പുനരുദ്ധാരണത്തിന് കിലോമീറ്ററിന് 60,000/- രൂപയും മേജർ റോഡുകളുടെ പുനരുദ്ധാരണത്തിന് കിലോ മീറ്ററിന് ഒരു ലക്ഷം രൂപയും മാത്രമാണ് ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചെലവഴിക്കാൻ വ്യവസ്ഥയുള്ളത്. ആയത് പ്രകാരം റോഡുകളുടെ പുനർ നിർമ്മാണം (reconstruction) നടത്തുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് സാധിക്കുകയില്ല അടിയന്തിര പുനരുദ്ധാരണത്തിന് മാത്രമാണ് അനുമതിയുള്ളത്. |
| ബി) | മഴമൂലം തകർന്ന ചില റോഡുകളിൽ റീടാറിംഗ് നിലനിൽക്കുകയില്ലായെങ്കിൽ ഇത്തരം റോഡുകൾ ഫ്ലഡ് സ്കീമിൽ ഉൾപ്പെടുത്തി പുനർനിർമ്മാണം നടത്തുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ